"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്ത് ആഫീസിലെ ലൈബ്രേറിയൻ ശ്രീമതി.അനീഷ പി.വി. യുടെ പിതാവിന്റെ ചികിത്സയ്ക്ക് എറണാകുളം ആസ്റ്റർ മെഡിസിറ്റി ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.725/2026/LSGD തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-
1. 11.07.2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ
2. 28.12.2017 ലെ GO(P)No.83/2017/H&FWD
3. ശ്രീമതി അനീഷ പി.വി. യുടെ 30.01.2021 ലെ അപേക്ഷയും ബില്ലുകളും
4. മാള ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 19/01/2021 ലെ 13/1 നമ്പർ തീരുമാനം
5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 08.03.2025 ലെ MR1/6315/2025/DHS നം. കത്ത്
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 29.04.2025 ലെ LSGD/PD/7430/2023-DEG2 നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്ത് ആഫീസിലെ ലൈബ്രേറിയൻ ശ്രീമതി അനീഷ പി.വി യുടെ പിതാവിന്റെ ചികിത്സയ്ക്ക് എറണാകുളം ആസ്റ്റർ മെഡിസിറ്റി ആശുപത്രിയിൽ ചെലവായ 2,26,348/ - രൂപ പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ, അനുബന്ധരേഖകൾ സഹിതം പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരാമർശം (5)-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകയ്ക്ക് ചികിൽസായിനത്തിൽ ചെലവായ തുകയിൽ 1,58,588/- രൂപയുടെ 80% ശതമാനം ആയ 1,26,870/ - രൂപ (ഒരു ലക്ഷത്തി ഇരുപത്തി ആറായിരത്തി എണ്ണൂറ്റി എഴുപത് രൂപ

മാത്രം) മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പ്രസ്തുത തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം മാള ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്ത് ആഫീസിലെ ലൈബ്രേറിയൻ ശ്രീമതി.അനീഷ പി.വി യുടെ പിതാവിന്റെ ചികിത്സയ്ക്ക് 19.11.2020 മുതൽ 24.11.2020 വരെ എറണാകുളം ആസ്റ്റർ മെഡിസിറ്റി ആശുപത്രിയിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിട്ടുള്ള 1,58,588/- രൂപയുടെ 80% ശതമാനം ആയ 1,26,870/- രുപ (ഒരു ലക്ഷത്തി ഇരുപത്തി ആറായിരത്തി എണ്ണൂറ്റി എഴുപത് രൂപ മാത്രം) നിലവിലെ KGSMA ചട്ടം, 1960-ലെ വ്യവസ്ഥകൾക്കും, പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിലും, ടിയാൾ പ്രസ്തുത ചികിത്സയ്ക്ക് IFMA എടുത്തിട്ടില്ലെന്ന് ഉറപ്പുവരുത്തിയും, കൂടാതെ ഈ ചികിൽസക്കുള്ള ബില്ലുകളിൽ അപേക്ഷക 'Paid by Me' എന്നു രേഖപ്പെടുത്തി ചികിത്സിച്ച ഡോക്ടറുടെ ഒപ്പ് പേരും രജിസ്റ്റർ നമ്പരും വ്യക്തമാക്കുന്ന, ആശുപത്രിയുടെ സീൽ എന്നിവ പതിപ്പിച്ചിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയതിനു ശേഷം മാത്രം മാള ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം)
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
സെക്രട്ടറി, മാള ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീമതി.അനീഷ പി.വി, ലൈബ്രേറിയ, മാള ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ല
(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടിവ് ഡയറക്ടർ, ഐ. കെ. എം., തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ജനറൽ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(EPA3/386/2025-LSGD)

ഉത്തരവിൻ പ്രകാരം

Danya MS

സെക്ഷൻ ഓഫീസർ